Draft #6 of File ACAIV/2/LLB/BOS /2/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Aug-2020 08:57 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പഞ്ചവത്സര ബി.കോം ,എൽ.എൽ.ബി കോഴ്സ് - റീ അസ്സസ്മെന്റിന വേണ്ടി ഇന്റേർണൽ റീഡു ചെയ്യുന്നത്, -ബാർ കൗൺസിൽ ചട്ട പ്രകാരംനിയമ കോഴ്‌സുകൾക്ക് ഒരു ബാച്ചിലെ സീറ്റുകളുടെ എണ്ണം അറുപതായി നിജപ്പെടുത്തികൊണ്ടുള്ള ഹയർ എഡ്യൂക്കേഷൻ പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റിയുടെ തീരുമാനം - എന്നിവയിന്മേലുള്ള ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി ) യുടെ ശുപാർശകൾ - അംഗീകരിച്ചു -ഉത്തരവാകുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 3741/AC A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.08.2020

---

*പരാമർശം:*-1. മൗണ്ട് സിയോൺ ലോ കോളേജ് പ്രിൻസിപ്പാൾ മുഖേന ശ്രീ.മുഹമ്മദ് ഇല്ലിയാസ് 17/02/2020 -ൽ സമർപ്പിച്ച അപേക്ഷ

2. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 24 .1 .2020 തീയതിയിലെ C1/270/2018-HEDN നമ്പറായ കത്ത്

3. 27/05/ 2020 ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) യോഗത്തിനറെ മിനുട്സ്

**<u>ഉത്തരവ്</u>**

ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചവത്സര ബി.എ എൽ.എൽ.ബി കോഴ്സിന്റെ 2011, 2012, 2013 അഡ്മിഷൻ ബാച്ചുകൾക്ക് അനുവദിച്ച് നൽകിയ ഇന്റേർണൽ റീഡു ചെയ്യുന്നതിനുള്ള വ്യവസ്ഥ പഞ്ചവത്സര ബി.കോം, എൽ.എൽ.ബി കോഴ്സിന്റെ 2013 അഡ്മിഷൻ ബാച്ചിന് കൂടി ബാധകമാക്കണെമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം ഒന്ന് പ്രകാരം ലഭിച്ച അപേക്ഷയിന്മേലും , സൂചന രണ്ട് പ്രകാരം 20/01/2020 -ൽ കൂടിയ എൽ.എൽ.ബി കോഴ്സുകളുടെ റീവാമ്പ് കമ്മിറ്റിയുടെ പഞ്ചവത്സര- ത്രിവത്സര എൽ.എൽ.ബി കോഴ്സുകളുടെ ഒരു ബാച്ചിന് അനുവദിച്ച് നൽകിയിട്ടുള്ള സീറ്റുകൾ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചട്ടങ്ങൾക്ക് അനുസൃതമായി 60 -ആയി നിജപ്പെടുത്തുവാനുള്ള തീരുമാനവും 27/05/2020 ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു.ജി) യോഗം ചർച്ച ചെയ്യുകയും പരാമർശം മൂന്ന് പ്രകാരം താഴെപറയുന്ന ശുപാർശകൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു

1. പഞ്ചവത്സര ബി.കോം, എൽ.എൽ.ബി കോഴ്സിന്റെ നിലവിലുള്ള റെഗുലേഷൻ പ്രകാരം ഇന്റേർണൽ റീഡു ചെയ്യുന്നതിന് വ്യവസ്ഥ ഇല്ല. ടി റെഗുലേഷൻ പ്രകാരം ഇന്റേർണൽ അസ്സസ്മെന്റിന് ഒരിക്കൽ അനുവദിച്ച മാർക്ക് അന്തിമമാണെന്നും, സെമെസ്റ്റർ അവസാനിച്ച്തിനുശേഷം ആയത് റീഡു ചെയ്യുന്നതിനുള്ള ഒരപേക്ഷയും ഒരു കാരണവശാലും പരിഗണിക്കേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമ കോഴ്‌സുകൾക്ക് ഇന്റേർണൽ റീഡു വുമായി ബന്ധപ്പെട്ട നിലവിലുള്ള ടി വ്യവസ്ഥ തന്നെ പിന്തുടരേണ്ടതാണ്.

2. പ്രോസ്പെക്ടസ് റിവാംപ് കമ്മിറ്റിയുടെ മിനുട്സ് പരിഗണിച്ച ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ് 2008 ഷെഡ്യൂൾ 3 യിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ത്രിവത്സര പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകൾക്ക് ഒരു ക്ലാസ്സിലെ പരമാവധി വിദ്യാർത്ഥികളുടെ എണ്ണം അറുപതായി നിജപ്പെടുത്തുക ആയതിന് മുകളിൽ വിദ്യാർത്ഥികളുണ്ടെങ്കിൽ പുതിയ ബാച്ച് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെയും സർവ്വകലാശാലയുടെയും അനുമതി തേടിയതിനു ശേഷമേ ആരംഭിക്കാൻ പാടുള്ളു എന്ന് അഫിലിയേറ്റഡ് കോളേജുകൾക്ക് നിർദ്ദേശം നൽകുക

മേൽ ശുപാർശകൾക്ക് പുറമെ , കോഴ്സിന്റെ സർവകലാശാല പരീക്ഷകൾക്ക് ആവശ്യമായ എല്ലാ വിഷയങ്ങളുടെയും മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കി സർവകലാശാലയിൽ സമർപ്പിക്കുന്നതിന് ബോർഡ് ചെയർമാനേയും അംഗങ്ങളെയും ചുമതലപ്പെടുത്തുകയും ചെയ്തു

ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ യു.ജി യുടെ ടി ശുപാർശകൾ വിശദമായി പരിശോധിച്ച ബഹു. വൈസ് ചാൻസിലർ ആയത് 30.7.2020 ൽ അംഗീകരിച്ചുത്തരവാകുകയുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .പി.എസ് ടു വി.സി./ പി.വി.സി
2 .പി.എ ടു രജിസ്ട്രാർ / പരീക്ഷ കൺട്രോളർ
3 .പ്രിൻസിപ്പാൾ (അഫിലിയേറ്റഡ് ലോ കോളേജസ് )
4 .ചെയർമാൻ / മെംബേർസ് (ബി.ഓ.എസ് ഇൻ ലോ (യു.ജി))
5 .ജെ.ആർ / ഡി.ആർ /എ.ആർ (പരീക്ഷ / അക്കാദമിക് )
6 ,എ സി എ 1 സെക്ഷൻ (അഫിലിയേറ്റഡ് കോളേജുകൾക്ക് ആവശ്യമായ അറിയിപ്പ് നൽകുന്നതിന്)
7 .ഇ.ഐ 29 / 33 / 37 സെക്ഷനുകൾ
8 .കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
9 റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

Draft #6 of File ACAIV/2/LLB/BOS /2/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Aug-2020 08:57 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം